ആൻഡമാൻസിൽ കുടിയേറിപ്പാർപ്പ്

*൪൭൦. (ഫ൭) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ബംഗാളിൽനിന്നും മറ്റും വളരെ ജനങ്ങൾ ഈയിടെയായി ആൻഡമാൻസിലേക്ക് കുടിയേറിപ്പാർക്കുന്നതിനായി അവിടേക്ക പോയിട്ടുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിനറിയാമോ;

(ബി) ഇതിന്റെ വിവരങ്ങളെപ്പറ്റി ഗവൺമെണ്ട് ആരാഞ്ഞിട്ടുണ്ടോ;

(സി) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുനിന്നും പോകുവാൻ തയ്യാറുള്ളവർക്ക് ഗവൺമെണ്ട് വേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അറിഞ്ഞുകൂടാ.

(ബി) ഇല്ല.

(സി) ചെയ്തുകൊടുക്കാം.

ശ്രീ. വി. കെ. ജോസഫ്: ഈ വിവരത്തെപ്പറ്റി വേണ്ടപോലെ അറിയുവാൻ ആവശ്യമുള്ള നടപടികൾ ഗവൺമെണ്ട് നടത്തുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാദ്ധ്യതയുള്ള നടപടികൾ ഗവൺമെണ്ടു നടത്തുന്നുണ്ട്. ഗവൺമെണ്ടു് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുവാൻ തയ്യാറാണ്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: എന്തെല്ലാം ഒത്താശകളാണ് ഗവൺമെണ്ട് ചെയ്തുകൊടുക്കുവാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിനു് എന്തെല്ലാം ചെയ്തുകൊടുക്കുവാൻ സാധിക്കുമോ, അതെല്ലാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോഴും ആരുടെയെങ്കിലും അപേക്ഷ ഗവൺമെണ്ടിനു് ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആരെങ്കിലും പോകാൻ തയാറാണെന്നു ഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

പത്രങ്ങളിൽ എഴുതിയിരിക്കുന്ന ലേഖനം

*൪൭൧. (ഫവ്വ) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ഈ രാജ്യത്തേയും, ഇവിടത്തെ ഗവൺമെണ്ടിനേയും, ഇവിടത്തെ ചില സമുദായങ്ങളേയും നിന്ദ്യമായ ഭാഷയിൽ അവഹേളിച്ചുകൊണ്ട് ഒരു ഉണ്ണിത്താൻ ബ്ലിറ്റ്സ്, ആറ്റം, ഇൻഡ്യൻ സ്റ്റാറ്റ്സ്, ഫ്രീ ഇൻഡ്യാ മുതലായ പത്രങ്ങളിൽ എഴുതിയിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുപ്രചരണങ്ങളെ തടയുവാൻ എന്തു നടപടിയാണ് ഗവൺമെണ്ടു് കൈക്കൊണ്ടിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഹിന്ദുമഹാമണ്ഡലത്തിന്റെ പ്രസിദ്ധീകരണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഒരു ഉണ്ണിത്താൻ ബാംബെയിലെ ചില പത്രങ്ങളിൽ ഈ ഗവൺമെ

LIBRARY ARCHIVES Kerala Legislative Assembly